5. സെൻട്രൽ റിസർച്ച് ലബോറട്ടറി കെട്ടിട നിർമ്മാണം കോളേജിനോടനുബന്ധിച്ച് സെൻട്രൽ റിസർച്ച് ലബോറട്ടറി കെട്ടിടം നിർമ്മിക്കുന്നതിന് 2020-21 വർഷം 58.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചത് പ്രകാരം മേൽ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെൻഡർ നടപടികൾ പി.ഡബ്ല്യൂ.ഡി. സ്വീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഉടൻതന്നെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ ഹോമിയോ ആശുപത്രി**

251 (1617) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ നിലവിൽ ഒരു ഹോമിയോ ഡിസ്പെൻസറി ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹോമിയോ മരുന്നിന്റെ പ്രസക്തി ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ ഒരു ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ ഹോമിയോ ആശുപത്രി ആരംഭിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.-യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത 32 ഗ്രാമപഞ്ചായത്തുകളിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകിവരുന്നത്.

**കുട്ടനാട്ടിൽ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ്**

252 (1618) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ ടൂറിസം സാധ്യതകൾകൂടി പ്രയോജനപ്പെടുത്തി സർക്കാർ ഉടമസ്ഥതയിൽ ഒരു ആയുർവേദ മെഡിക്കൽ കോളേജ് കുട്ടനാട്ടിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പരിഗണനയിലില്ല.

(ബി) കുട്ടനാട്ടിൽ ആയുഷ് വകുപ്പിന്റെ കൂടുതൽ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ആയുഷ് വകുപ്പിന്റെ കീഴിൽ കുട്ടനാട്ടിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly